വിഷയം : ഒറ്റ മരത്തിലെ പക്ഷി

# ഉണങ്ങിയ വേരുകൾ

ചുറ്റും നിശ്ശബ്ദത. ഒരു ചെറിയ കാലിനക്കം പോലും ഇവിടെ ബഹളം സൃഷ്ടിക്കുന്നു. തകർന്നുവീണ കെട്ടിടങ്ങളെ തൂണാക്കി, അയ കെട്ടി, ആരോ നിവർത്തിയിട്ട മുഷിഞ്ഞ കുപ്പായം കാറ്റിന്റെ താളത്തിനനുസരിച്ച് അത് മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കുന്നു. കാറ്റിന് നൊമ്പരങ്ങളുടെ ഗന്ധം. പടിഞ്ഞാറേ ദിക്കിൽ അസ്തമിക്കാനിരിക്കുന്ന സൂര്യന്റെ പ്രതിബിംബം, ചെങ്കടൽ തിരമാലകൾക്കൊപ്പം നൃത്തം ചെയ്യുന്നു. ആകാശത്തിന്റെയും കടലിന്റെയും ചുവപ്പ് നിറം, തന്റെ കണ്ണിൽ ഒരുപോലെ പ്രതിഫലിക്കുന്നു. കടലിന്റെ ആഴങ്ങളിലേക്കും, ആകാശത്തിന്റെ അറ്റമില്ലായ്മയിലേക്കും, ഭൂതകാലത്തിന്റെ മധുരമാർന്ന നിമിഷങ്ങളിലേക്കും, സംശയാസ്പദമായ ഭാവിയിലേക്കും ചിന്തകൾ മാറി മാറി സഞ്ചരിക്കുന്നു. ഒരു നിമിഷം എല്ലാം ഉപേക്ഷിച്ച് അങ്ങനെ തന്നെ എന്നന്നേക്കുമായി നിൽക്കാനാണ് തോന്നിയത്. പിന്നീടാണോർത്തത്, ഉപേക്ഷിക്കാൻ ഒന്നുമില്ലല്ലോ.

ആ തരിശുഭൂമിയുടെ ഒത്ത നടുവിലായി ഞാൻ നിന്നു, ആകാശത്തിന്റെ വിജനതയിലേക്ക് കണ്ണോടിച്ച്

കൊണ്ട്.. "ഈ ആകാശം, എത്ര സുന്ദരമായിരുന്നു. പ്രഭാതത്തിലെ സൂര്യനും രാത്രിയിലെ നിലാവിനും ഈ ആകാശത്ത് ഒരേ ഭംഗിയായിരുന്നു. ലോകത്ത് മറ്റൊരിടത്തും ഇങ്ങനെയുണ്ടാവില്ല". ഇങ്ങനെ ആലോചിച്ച് നിൽക്കുമ്പോഴാണ് ആ യാഥാർഥ്യം മനസ്സിലേക്ക് ഓടിയെത്തിയത് - "അതിന് താൻ ഇവിടം വിട്ട് മറ്റെവിടേക്കെങ്കിലും പോയിട്ടുണ്ടോ?" - അതിനുള്ള ഉത്തരം തനിക്കറിയാമായിരുന്നു.

ഈ ഇളം മനസ്സിൽ ആദ്യമേ ഇടം പിടിച്ചതാണ് ആകാശവും, അതിനപ്പുറമുള്ള ലോകവും, പക്ഷികളും, വിമാനങ്ങളും. വൈകുന്നേരങ്ങളിൽ കടൽത്തീരത്ത് അമ്മയുമൊത്ത് ചെന്നിരിക്കുമ്പോൾ തലക്കുമീതെ പറക്കുന്ന ഇരുമ്പിന്റെ കൂറ്റൻ പരുന്തുകൾ എന്റെ മനസ്സിൽ ഇടം നേടി. അവയുടെ രൂപവും ഭംഗിയും ശബ്ദവുമെല്ലാം തന്നെ വളരെയധികം ആകർഷിച്ചു.

"ഇരുട്ടായില്ലല്ലോ അമ്മ, പിന്നെന്തിനാണ് ഇപ്പോൾ വിമാനത്തിൽ ലൈറ്റ് ഇട്ടേക്കുന്നെ?"

"ഇതൊക്കെ പോകുന്നത് മേഘങ്ങൾക്കുള്ളിലേക്കാണോ?"

"ചന്ദ്രനിലേക്ക് വിമാനത്തിൽ പോകാൻ പറ്റോ?"

ഇവയെക്കുറിച്ച് വലിയ വശമില്ലാത്ത അമ്മ തന്റെ നിഷ്കളങ്കമായ ചോദ്യങ്ങൾക്ക് മറുപടി നൽകുക

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള സ്കൂൾ കലോത്സവം തിയ്യതി........ പ്രോഗ്രാം കമ്മിറ്റി

എന്റെ തലയിൽ തലോടി ഒരു ചെറിയ പുഞ്ചിരിയോടെ-
യാണ്. അന്ന് ഞാൻ അറിഞ്ഞിരുന്നില്ല വിമാനങ്ങൾ
എനിക്കൊരു പേടിസ്വപ്നമാകുമെന്ന്.

യുദ്ധത്തിന് മുന്നുള്ള ജീവിതവും ഇപ്പോഴത്തെ ജീവിതവും താരതമ്യം ചെയ്യുന്നതിൽ ഒരർഥവുമില്ല. എങ്കിലും വിളിക്കാതെ ഓടിയെത്തുന്ന ഓർമ്മകൾ തന്റെ ഇപ്പോഴത്തെ ജീവിതത്തെ കുറിച്ച് എന്നെ ചിന്തിപ്പിക്കും.

വലിയ ആഗ്രഹമായിരുന്നു വിമാനത്തിൽ കയറാൻ, അതിനെ നിയന്ത്രിക്കാൻ, ലോകം കാണാൻ, ഭൂമിയിൽ നിന്നും ആകാശമെന്ന വീക്ഷണത്തിൽ നിന്നും മാറി ആകാശത്തിൽ നിന്ന് ഭൂമി ഒരു നോക്ക് കാണാൻ. "ആമിറിന് അതിനു കഴിയുമല്ലോ! പഠിക്കാൻ മിടുക്കനല്ലേ. ഒരുപാട് ഉയരങ്ങളിൽ എത്താൻ ~~അവൻ~~ അവന് കഴിയും"
എന്റെ ആഗ്രഹത്തെ പറ്റി ~~ഉമൈമ~~ ഉമൈബ ടീച്ചറോട് ഒരിക്കൽ പറഞ്ഞപ്പോൾ ടീച്ചർ പറഞ്ഞതാണിത്. പക്ഷേ, എന്റെ ചിറകുകൾക്ക് മുറിവേറ്റിരിക്കുന്നു. പറന്നുയരാൻ ബുദ്ധിമുട്ടാണ്. പറക്കാൻ ഞാൻ പഠിക്കുന്നതല്ലേ ഉണ്ടായിരുന്നുള്ളൂ? എന്നെ പഠിപ്പിച്ചിരുന്നവരെ

കാണാനില്ലല്ലോ? ആരാണ് എന്നെയും അവരെയും വേർപെടുത്തിയത്? താൻ ഒരിക്കൽ പറന്നുമെന്ന് സ്വപ്നം കണ്ട വിമാനങ്ങൾ ഒരിക്കൽ മുഖം മൂടി ധരിച്ച് ഇവിടമാകെ പുക ഉയർത്തിയതിൻ പിന്നെ അബ്ബയെയും ഉമ്മിയെയും ഞാൻ കണ്ടിട്ടില്ല.

ഈ തരിശുഭൂമിയിൽ എത്ര നേരമായി ഞാൻ നിൽക്കുന്നു? എന്തെല്ലാമാണ് ചിന്തിച്ച് കൂട്ടിയത്? കാല് കഴച്ചപ്പോൾ ആണ് ചിന്തകളിൽ നിന്ന് അൽപ-നേരത്തിനെങ്കിലും മുക്തനായത്. തിരികെ ടെന്റിലേക്ക് നടക്കുമ്പോൾ ഈ ~~പ്രദേ~~ പ്രദേശത്തിന്റെ പഴയ ചിത്രം മനസ്സിൽ തെളിഞ്ഞു.

അൽപം മാറി ഒരു മരം കരിഞ്ഞ് നിൽപ്പുണ്ട്. അതിനോടാണ് എനിക്ക് ഈ നാടിന്റെ അവസ്ഥയെ അപ്പോൾ താരതമ്യം ചെയ്യാൻ തോന്നിയത്. എന്റെ നിഷ്കളങ്കത കൊണ്ടാകാം.

പച്ച പിടിച്ച് തളിർത്ത് അത് നിൽക്കുന്നു. പക്ഷികളും മറ്റു ജീവികളും അതിലേക്ക് വിരുന്നെത്തുന്നു. കുട്ടികൾ അതിൽ ചക്രം കെട്ടി ഊഞ്ഞാലാടുന്നു. കാർന്നവന്മാർ അതിന് ചുവട്ടിൽ കാവ കുടിക്കാനും വിശേഷങ്ങൾ പങ്കിടാനും.

എത്തുന്നു. അവിടെയുള്ളതിൽ വെച്ച് വലിയ മരമൊന്നുമല്ല അത്., ~~എന്നിട്ടും ഈ~~ ചുറ്റും വേറെ മരങ്ങളുണ്ട്. പക്ഷേ എല്ലാവർക്കും ഇതിനോടെന്തോ ഇഷ്ടമാണ്.

"ഈ മരത്തിന് ഒരുപാട് പഴക്കമുണ്ട്. അതിന്റെ വേര് ഭൂമിയിലങ്ങനെ ആഴ്ന്നിറങ്ങി. ഇവിടുത്തെ മനുഷ്യരുടെ സ്നേഹവും പരിചരണവും ഈ കിട്ടി അവൾ വളരുന്നു. ചരിത്രപ്രസിദ്ധമായ ഈ മണ്ണിൽ അതിന്റെ ഭാഗമായി അവൾ തലയുയർത്തി നിൽക്കുന്നു." ഒരിക്കൽ അബു പറഞ്ഞതാണ്.

ടെന്റിലെത്തിയപ്പോൾ നേരം ഇരുട്ടിയിരുന്നു. അബുവും ഉമ്മിയും പോയതിൽ പിന്നെ എന്നെ നോക്കുന്നത് അബുയുടെ ഒരു സുഹൃത്താണ്. അദ്ദേഹം ഞങ്ങളുടെ ഒരകന്ന ബന്ധു കൂടിയാണെന്ന് അബു ഒരിക്കൽ പറഞ്ഞത് ഞാനോർക്കുന്നു. യുദ്ധം തുടങ്ങിയ ദിവസം ഇദ്ദേഹം എന്നെ കെട്ടിടങ്ങൾക്കിടയിൽ നിന്ന് വാരിയെടുത്തതും., ജീവനു ആശുപത്രിയിൽ എന്നെ കൊണ്ടുപോയതും എനിക്കോർമ്മയുണ്ട്. പിന്നെ എന്നെ പരിചരിച്ചതെല്ലാം ഇദ്ദേഹമാണ്. പേര് അഹമദ്. യുദ്ധക്കെടുതികൾക്കിടയിൽ അദ്ദേഹത്തിന് ഒരു ജീവിത പങ്കാളിയെ കിട്ടിയില്ല. പക്ഷേ എന്നെ ഒരു മകനെപ്പോലെ സ്നേഹിക്കുകയും നോക്കുകയും

ചെയ്യുന്നു.

മുഷിഞ്ഞ ഒരു വിരി വിരിച്ച് ഉറങ്ങാൻ കിടന്നു. കണ്ണ് അടയുന്നു എന്ന് മാത്രമേ ഉള്ളൂ. മനസ്സ് അതിന്റെ താളത്തിനനുസരിച്ച് എവിടെയൊക്കെയോ പാറി നടക്കുകയാണ്. ശരീരം വിശ്രമിക്കുമ്പോഴും മനസ്സ് അശാന്തമാണ്.

"വെള്ളമില്ലാത്തത് കൊണ്ടല്ലല്ലോ ആ മരം ഉണങ്ങിയത്? ചുറ്റും ഒരുപാട് വെള്ളമുണ്ട്, ചെങ്കടൽ ഉണ്ട്, ഞാൻ കേട്ടിടത്തോളം, വിമാനങ്ങൾ പറക്കുന്ന ഒരുപാട് രാജ്യങ്ങളുണ്ട്. പിന്നെന്തേ?" ഈ ലോകത്ത് ശാസ്ത്രം വളരുന്നു എന്ന് കേട്ടു, ആരോഗ്യമേഖല വളരുന്നു, വിദ്യാഭ്യാസ മേഖല വളരുന്നു എന്നിട്ടും, ഞങ്ങളെ ആരും പരിചരിക്കുന്നില്ലല്ലോ, ഞങ്ങളുടെ വേദനകൾ കേൾക്കാൻ മാത്രം ശാസ്ത്രം വളർന്നില്ലേ? മനുഷ്യജീവനുകളെ സംരക്ഷിക്കാൻ ഒരാശുപത്രിയും ഞാൻ കണ്ടില്ല. ഇതിനപ്പുറം ഒരു നാൾ ഞാൻ എത്തുമെന്ന എന്റെ ആഗ്രഹങ്ങൾക്ക് ഇനി പ്രതീക്ഷ വെക്കാനില്ല, എന്തേ ഇവിടെ പാഠപുസ്തകങ്ങളും വിദ്യാലയങ്ങളും ഇല്ലാഞ്ഞിട്ടാണോ? അച്ഛാ, നിങ്ങളല്ലേ ഒരു വട്ടം എന്നോട് പറഞ്ഞത്,

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തിയ്യതി..................

വിമാനങ്ങൾ പോകുന്നത് മറ്റു സ്ഥലങ്ങളിലേക്കാണ്, അവിടെ അതുണ്ട്, ഇതുണ്ട് എന്ന് നിങ്ങൾ കള്ളം പറയാറില്ല, പക്ഷേ, ഇത് മാത്രം സത്യമാണെന്ന് എനിക്ക് തോന്നുന്നില്ല"

കിടക്കപ്പായിലെ എന്റെ ചിന്തകൾ ആകാശം മുട്ടുവോളമാണ്.

"ആമിർ, നാളെ വെളുപ്പിനെ ഇവിടെ നിന്ന് ഇറങ്ങണം എന്നാണ് സൈന്യം പറഞ്ഞത്"

അഹമദ് പറഞ്ഞത് ഞാൻ കേട്ടുവെങ്കിലും, കേട്ട ഭാവം നടിച്ചില്ല. ഉറക്കം അഭിനയിച്ചു.

മറ്റൊരു സ്ഥലത്തേക്ക് പോവുക, അവിടെയുള്ളവരെ കാണുക, വിമാനത്തിൽ കയറുക, ഇതെല്ലാം എന്തിഷ്ടമായിരുന്നു എനിക്ക്.

വലതു ഭാഗത്തേക്ക് തിരിഞ്ഞ് കിടന്നപ്പോൾ മെല്ലെ കണ്ണ് തുറന്നു. ടെന്റിന്റെ ചെറിയ കീറലിലൂടെ ആ മരം കാണാം. രാത്രിക്കാറ്റ് അതിനെ പതുക്കെ ഒന്ന് തലോടി. കാറ്റിന് നൊമ്പരത്തിന്റെയും ഓർമ്മകളുടെയും ഗന്ധം. രാത്രിയുടെ ഇരുട്ടിൽ, കരിഞ്ഞ ആ മരത്തിൽ, ചിറകുള്ള ഒരു ചെറിയ രൂപം ചില്ലയിൽ തല താഴ്ത്തി ഇരിക്കുന്നു.

കാറ്റ് വീശുന്നുണ്ട്. ഇത്രയും നാൾ തലയുയർത്തി നിന്നവൾ ചെറുതായി, കാറ്റിന്റെ താളത്തിനനുസരിച്ച് ആടി. ആ ചെറിയ രൂപം ചിറക് വിടർത്തിയില്ല. ചില്ലയിൽ നിന്നും കാല് ഇടറുന്നുണ്ട്. അവൾക്ക് പറക്കാൻ ആകാശമുണ്ട്. അവൾ പറക്കുന്നില്ല. ~~എന്റെ~~ വിശ്വാസമാണ് പ്രതീക്ഷയാണ്, വേരുകൾ ഉറപ്പുള്ളതാണ്. ഇവിടം വിട്ട് പറക്കാൻ അവൾക്ക് കഴിയില്ല.

അപ്പോൾ ഞാൻ? ആകാശത്തിന്റെ അറ്റമില്ലായ്മയിലേക്ക് പറന്നുയരുന്നത് സ്വപ്നം കണ്ട എന്റെ ചിറകുകൾ ഇപ്പോൾ മുറിവേറ്റതല്ലേ?

ഞങ്ങളുടെ ബാൽക്കണിയിൽ കണ്ട കിളിക്കൂട് കൗതുകം കൊണ്ട് ഞാൻ എന്റെ ജനാലയ്ക്കരികിൽ വെച്ചപ്പോൾ ഉമ്മി എന്നോട് പറഞ്ഞത് ഓർമ്മ വന്നു: "ആമിർ, ആ കിളി ആ കൂട് ആ ബാൽക്കണിയിൽ പിന്നെയും തിരയും. അത് അതിൽ നെയ്തെടുത്തത് അതിന്റെ പ്രതീക്ഷകളായിരുന്നില്ലേ! ഇനി വേറെ കൂടിന് അത് എത്ര കഷ്ടപ്പെടണം?"

തലയുയർത്തി നിന്ന മരം ഇത്ര വയസ്സായിട്ടും എന്തേ വീഴാത്തതെന്ന് ഞാൻ ചോദിച്ചപ്പോൾ അബ്ബ പറഞ്ഞത് അതിന്റെ വേരുകൾ ആഴത്തിലു-

ഉള്ളതാണെന്നാണ്, അത് അത്ര പെട്ടന്ന് വീഴുകയോ എളുപ്പം മുറിച്ച് മാറ്റാൻ പറ്റുകയോ ഇല്ലെന്നാണ്.

അപ്പോൾ ഞാൻ? ഞാൻ ആ പക്ഷിയാണ്. ഇവിടം വിട്ട് പറക്കാൻ എനിക്കിനി ഇഷ്ടമില്ല. ഇവിടെ ഒന്നുമില്ല. പക്ഷേ എന്നിൽ പ്രതീക്ഷകളുണ്ട്. ആ മരവും ഞാനാണ്. ഇവിടെ നിന്ന് എന്നെ പിഴുതു മാറ്റാൻ കഴിയില്ല. വേരുകൾ ആഴത്തിൽ ഇറങ്ങിയിരിക്കുന്നു. ഒരു ചെറിയ നനവിൽ ഒരുപക്ഷേ പിന്നെയും പച്ചപിടിച്ചേക്കാം. അതല്ല വേരറുത്ത് വീഴുകയാണെങ്കിൽ, അന്ത്യം ഈ മണ്ണിലാകണം.

മനുഷ്യന്റെ വേരുകൾ ബന്ധങ്ങളും ജീവിത മൂല്യങ്ങളുമാണ്. അവയും വെള്ളം നനയാതെ ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. ആ മരത്തിലെ കിളികൾ പറന്ന് പോയിരിക്കുന്നു. ഏതായാലും ഞാൻ പറക്കാൻ ഇനി ആഗ്രഹിക്കുന്നില്ല. എനിക്കതിന് സാധിക്കുകയില്ല. മറ്റേ മനുഷ്യനാകുന്ന മരം ഒരിക്കൽ കൂടി പച്ച പിടിക്കുമെന്ന് പ്രതീക്ഷിക്കാം. ഞാൻ അതിന് വളമായാലും.

രാത്രിയുടെ വൈകിയ വേളയിൽ കണ്ണുകൾ അടഞ്ഞത് എപ്പോഴാണെന്ന് അറിഞ്ഞില്ല.

64-ാമത് കേരള സ്കൂൾ കലോത്സവം തിരുത്തി................... പ്രോഗ്രാം കമ്മിറ്റി

മരത്തിലെ ആ കുഞ്ഞുരൂപം ചിറകനക്കി നോക്കി. തൂവലുകൾക്കിടയിൽ ചോര പൊടിയുന്നുണ്ട്. സ്വതന്ത്രമായി ആകാശത്ത് പാറി പറക്കേണ്ടിയിരുന്ന ചിറകുകൾ മണ്ണോട് ചേരുന്നു. മരം കാറ്റിൽ ചായുന്നു. അതേത് മരമാണ്? മനുഷ്യനെന്ന മരമാണോ? അതിന്റെ വേരുകൾക്ക് ഇനി നനവ് ലഭിക്കില്ലേ?

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).